**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ വൈദ്യുത ലൈനുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മിച്ചൻ ജംഗ്ഷൻ, നൂറനാട് പടനിലം ക്ഷേത്ര ജംഗ്ഷൻ, ചുനക്കര തിരുവൈരൂർ മഹാദേവ ക്ഷേത്ര ജംഗ്ഷൻ എന്നീ പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുത ലൈനുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിലെ മിച്ചൻ ജംഗ്ഷനിൽ ഭൂഗർഭ കേബിളുകൾ ഇടുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല . എന്നാൽ മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി. യു.ജി കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും, ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റമാണ് തയ്യാറാക്കിയിട്ടുള്ളത്. നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാ നത്തിൽ ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട് ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നത നുസരിച്ച് റോഡ് കട്ടിങ്ങിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരി ക്കുവാൻ സാധിക്കുന്നതാണ്. ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി ചുനക്കരയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധി ക്കുകയും, അദാലത്ത് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിന് ശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ MLA ശ്രീ. ആർ രാജേഷ് 25.09.2020- ൽ നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷംരൂപ, എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയി ച്ചതിൻ പ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിയ്ക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിന് ശേഷം വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 01/07/2021-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻ എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് നിലവിലെ ബഹുമാനപെട്ട എം.എൽ.എയോട് ടി തുക അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് മാവേലിക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ അപേക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ